# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2815 — 14/02/2013-ൽ മറുപടിക്ക്

### കോളനികളിൽ സ്റ്റഡി കം റിക്രിയേഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ. ബാലൻ : | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളിൽ മുൻപ് പ്രവർത്തിച്ചിരുന്ന സ്റ്റഡി കം റിക്രിയേഷൻ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നു; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (എ) | ഉണ്ട്. സ്റ്റഡി കം-റിക്രിയേഷൻ സെന്ററുകൾ ചുവടെ ചേർത്തിട്ടുള്ള കോളനികളിൽ പ്രവർത്തിക്കുന്നു. |

| ക്രമ നം. | ജില്ല | കോളനി |
|---|---|---|
| 1. | കോഴിക്കോട് | ചെങ്ങോട്ടുമ്മൽ |
| | | കാമ്പ്രത്ത്കുന്ന് |
| | | കരിവില്ലിക്കാവ് |
| | | പനക്കച്ചാൽ |
| | | വായാട് |
| 2. | വയനാട് (സുൽത്താൻബത്തേരി താലൂക്ക്) | വെണ്ടോൽ പണിയ കോളനി |
| | | കുളിപ്പുര പണിയ കോളനി |
| | | പുഞ്ചവയൽ കുറുമ കോളനി |
| | | മുക്കത്ത് കുറുമ കോളനി |
| | | പല്ലടംകുന്ന് കുറുമ കോളനി |
| | | അമ്പലക്കുന്ന് പണിയ കോളനി |
| | | പാടിപ്പറമ്പ് കുറുമ കോളനി |

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒത്തുചേരലിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കും വിജ്ഞാന സംവാദനത്തിനും ടി സെന്ററുകൾ ഉപയോഗിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒത്തുചേരലിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കും വിജ്ഞാന സംവാദനത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ; | (ബി) | നിലവിലുള്ള റിക്രിയേഷൻ സെന്ററുകളിൽ, പത്രം ആനുകാലികങ്ങൾ, ടെലിവിഷൻ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ നേടാനും മാർഗ്ഗ നിർദ്ദേശം നൽകുവാൻ കരിയർ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും, തൊഴിൽ നേടുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഇന്റർനെറ്റ് സംവിധാനം പ്രയോജനപ്പെടു-ത്തുന്നതിന് 'സഹായി' എന്ന പേരിൽ സെന്ററുകൾ നിലവിലുണ്ട്. ടി സെന്ററുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | വിവിധ സാമൂഹ്യ, സാമ്പത്തിക, മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആശ്വാസമേകാൻ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നു; വിശദമാക്കുമോ? | (ഡി) | ഇല്ല. എന്നാൽ ബോധവത്ക്കരണ ക്ലാസ്സുകൾ ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ